പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 219 | 20-06-2012 - ൽ മറുപടിയ്ക്ക്

ജലാശയങ്ങളുടെ സംരക്ഷണം

ചോദ്യം

ശ്രീ.സണ്ണി ജോസഫ്
ശ്രീ.സി.പി.മുഹമ്മദ്
ശ്രീ.ഹൈബി ഈഡൻ
ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ

(എ) സംസ്ഥാനത്തെ കുളങ്ങൾ, തോടുകൾ, നദികൾ എന്നിവ സംരക്ഷിക്കുന്നതിന് എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ;

(ബി) ഇതിനായി ഒരു പ്രത്യേക പദ്ധതിക്ക് രൂപം നൽകുന്ന കാര്യം പരിഗണിക്കുമോ;

(സി) സംരക്ഷിക്കേണ്ട കുളങ്ങൾ, തോടുകൾ, നദികൾ എന്നിവ കണ്ടെത്തുന്നതിന് നടപടികൾ തുടങ്ങിയിട്ടുണ്ടോ;

മറുപടി

ശ്രീ. പി.ജെ.ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

(എ), (ബി) & (സി)

സംസ്ഥാനത്തെ കുളങ്ങളുടെയും ടാങ്കുകളുടെയും നവീകരണത്തിനായി പതിമൂന്നാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി 2011-15 കാലയളവിലേക്കായി 50 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി 2011-13-ൽ നവീകരണത്തിനായി 103 കുളങ്ങളാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ഇതിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് നദികളുടെ സംരക്ഷണം ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.

2010-11 സാമ്പത്തിക വർഷത്തിലെ പ്ലാൻ പ്രൊപ്പോസലിൽ കുളങ്ങളുടെ നവീകരണത്തിനായി 28.22 കോടി രൂപ ഉൾപ്പെടുത്തിയിരുന്നു. 28.22 കോടി രൂപയ്ക്ക് 165 കുളങ്ങളുടെ നവീകരണത്തിനായി ഭരണാനുമതിയും നൽകിയിരുന്നു. ഇതിന്റെ പ്രവൃത്തികൾ ആരംഭിക്കുകയും 82 കുളങ്ങളുടെ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തു.

2011-12 സാമ്പത്തിക വർഷത്തിൽ പാലക്കാട് ജില്ലയിലെ കുളങ്ങൾ തമ്മിൽ

ബന്ധിപ്പിച്ച് ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് 5.99 കോടി രൂപയുടെ ഭരണാനുമതി നൽകിക്കഴിഞ്ഞു. പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങൾ വകുപ്പുതലത്തിൽ നടന്നുവരുന്നു.

2012-13-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഒരു പഞ്ചായത്തിലെ ഒരു കുളം വീതം നവീകരിക്കുന്നതിന് 47 കോടി രൂപ നീക്കിവച്ചതായി പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട കുളങ്ങളുടെ പട്ടിക സർക്കാർ പരിശോധിച്ചുവരുന്നു.

2012-13 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ 35 കോടി രൂപ ടാങ്കുകളുടെ നവീകരണത്തിനായി അനുവദിച്ചിട്ടുണ്ട്. ഇതിന്റെ പദ്ധതി വകുപ്പുതലത്തിൽ തയ്യാറാക്കി വരുന്നു.

പതിമൂന്നാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച 50 കോടി രൂപയിൽ 2013-15 വർഷങ്ങളിൽ നവീകരിക്കേണ്ട കുളങ്ങൾ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ പുരോഗമിച്ചുവരുന്നു.

നദികളുടെയും തണ്ണീർത്തടങ്ങളുടെയും സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി സമഗ്രമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനു വേണ്ടി റിവർ ബേസിൻ ബോർഡും, വെറ്റ്ലാന്റ് ഡെവലപ്മെന്റ് ബോർഡും, സ്റ്റേറ്റ് റിവർ ആന്റ് വെറ്റ്ലാന്റ് അതോറിറ്റിയും രൂപീകരിക്കുവാനുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ കേരള ജലസേചന ജലസംരക്ഷണ ഭേദഗതി ബില്ലിൽ പ്രതിപാദിച്ചിട്ടുണ്ട്. പ്രസ്തുത ബില്ലിന് നിയമപ്രാബല്യം കൈവന്നാൽ മേൽ പറഞ്ഞ അതോറിറ്റിയും ബോർഡുകളും രൂപീകരിച്ച് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് നദികളുടെയും തണ്ണീർത്തടങ്ങളുടെയും

.......3

സംരക്ഷണത്തിനായി സമഗ്ര പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതായിരിക്കും. മേൽ പറഞ്ഞ അതോറിറ്റികളും ബോർഡുകളും രൂപീകരിച്ചതിനു ശേഷം മാത്രമേ സംരക്ഷിക്കുവാനുള്ള നദികളുടെ പട്ടിക തയ്യാറാക്കാൻ സാധിക്കുകയുള്ളൂ.

(ഡി) ഇവയുടെ സംരക്ഷണം ആരെ ഏൽപ്പിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത് ?

(ഡി) മേൽ സൂചിപ്പിച്ച പ്രവൃത്തികൾ എല്ലാം ജലസേചന വകുപ്പിന്റെ ചുമതലയിൽ ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ്.

പ്രവൃത്തികൾ പൂർത്തീകരിച്ചുകഴിഞ്ഞ് ഇവയുടെ സംരക്ഷണം തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ചുമതലയിലായിരിക്കും.

**സെക്ഷൻ ഓഫീസർ.**